"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ബാങ്കിന് സർക്കാർ റസ്യൂം ചെയ്ത തുക തിരികെ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**49/2026/Co-Op** തീയതി,തിരുവനന്തപുരം, **06-02-2026**

---

പരാമർശം:- 1. സ.ഉ.(സാധാ) നം. **844/2022**/സഹ തീയതി **21/12/2024**

2. സ.ഉ (സാധാ) നം. **35/2026**/സഹ തീയതി **30/01/2026**

3. സർക്കുലർ നം **35/2024**/ധന തീയതി **12/06/2024**

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിലവിലുള്ള **TPA 637** അക്കൗണ്ടിൽ നിന്നും സർക്കാർ റസ്യൂം ചെയ്തിരുന്ന **75,014/-** രൂപ (എഴുപത്തയ്യായിരത്തി പതിനാല് രൂപ മാത്രം) **4425-00-108-25-34-3** ശീർഷകത്തിൽ നിന്നും **2024-25** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം **(1)** പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തുക റിലീസ് ചെയ്ത് നല്കിയിരുന്നില്ല. അക്കൗണ്ടിൽ നിന്നും റസ്യൂം ചെയ്ത **75,014/-** രൂപ (എഴുപത്തയ്യായിരത്തിപതിനാല് രൂപ മാത്രം) സംസ്ഥാന സഹകരണ ബാങ്കിന് **2025-26** സാമ്പത്തികവർഷത്തിൽ അനുവദിച്ചു നൽകുന്നതിന് പരാമർശം **(2)** പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**2.** ഈ സാഹചര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിലവിലുള്ള **TPA 637** അക്കൗണ്ടിൽ നിന്നും സർക്കാർ റസ്യൂം ചെയ്ത **75,014/-** രൂപ (എഴുപത്തയ്യായിരത്തി പതിനാല് രൂപ മാത്രം) **4425-00-108-25-34-3** ശീർഷകത്തിൽ നിന്നും **2025-26** സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പരാമർശം **(3)** സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച്കൊണ്ട്

പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, **2025-26** സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/134/2020/ധന )

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/30/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 07-02-2026 10:36:32

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.